LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	1.	ലോവർ ഡിവിഷൻ ക്ലാർക്ക്	-	65
	2.	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	-	7
	3.	പ്യൂൺ	-	40
	4.	സ്വീപ്പിംഗ് റും ഗാർഡ്	-	35
	5.	ഫുൾടൈം ശാന്തി	-	25
	6.	പാർട്ട് ടൈം ശാന്തി	-	52
	7.	കഴകം	-	47
	8.	തളി	-	46
	9.	വാച്ചർ	-	93

(ബി&സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10%-മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ

153 (842) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകൾ ഉള്ളത്; വിശദാംശം വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളത്; വ്യക്തമാക്കുമോ;

(ഡി) നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്ന എന്ന വസ്തുത കണക്കിലെടുത്ത് അവർക്ക് നിയമനം നൽകുന്നതിന് സർക്കാർ പ്രത്യേക നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി)	1.	ലോവർ ഡിവിഷൻ ക്ലാർക്ക്	-	65
	2.	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	-	7
	3.	പ്യൂൺ	-	40
	4.	സ്വീപ്പിംഗ് റൂം ഗാർഡ്	-	35
	5.	ഫുൾടൈം ശാന്തി	-	25
	6.	പാർട്ട് ടൈം ശാന്തി	-	52
	7.	കഴകം	-	47
	8.	തളി	-	46
	9.	വാച്ചർ	-	93

(സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ.

(ഡി) ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10%-മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. നിലവിലെ നിയമ പ്രകാരം സർക്കാർ വ്യവസ്ഥകൾക്കനുസൃതമായി നിയമനം നൽകുന്നതിന് തീരുമാനമെടുക്കേണ്ടത് അതാത് ദേവസ്വം ബോർഡുകളാണ്.

ക്ഷേത്രനടയിൽ സമർപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ മുതൽക്കൂട്ട് രീതി

154(843) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടയിൽ സമർപ്പിക്കപ്പെടുന്ന വിവിധ ഉത്പന്നങ്ങൾ ലേലം വഴിയോ മറ്റ് ഏതെങ്കിലും നടപടികളിലൂടെയോ ആണോ മുതൽ കൂട്ടുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly